(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടുസഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-6/1404/18

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
ഇടുക്കി ജില്ല
Phone : 04862 227332
E-mail : doidk.ksad@kerala.gov.in
തീയതി. 06.02.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വട്ടവട ഗ്രാമപഞ്ചായത്ത്

സർ

വിഷയം : - വട്ടവട ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-6/1404/18 തീയതി : 06.02.2019

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക

വർഷത്തെ
ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

****

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09.09.2017 മുതൽ 09.12.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീമതി. സിനി എം. വി, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	10.12.2018 മുതൽ 15.12.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീമതി. സുസന്നിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ

	ശ്രീമതി. ലേഖ വി., ഓഡിറ്റ് ഓഫീസർ
	ശ്രീമതി. മരുൺ മാത്യു, അസി. ഓഡിറ്റ് ഓഫീസർ
	ശ്രീ. അഭിലാഷ് എം.കെ., സീനി. ഗ്രേഡ് ഓഡിറ്റർ
	ശ്രീ. ബിനുമോൻ കെ. സി., ഓഡിറ്റർ

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ. പി. രാമരാജ്	01.04.2017 മുതൽ 31.03.2018 വരെ
സെക്രട്ടറി	ശ്രീ. ആർ. നന്ദകുമാർ	01.04.2017 മുതൽ 31.03.2018 വരെ
അസി. സെക്രട്ടറി	ശ്രീ. ഹരികുമാർ ബി.	01.04.2017 മുതൽ 02.08.2017 വരെ
	വേക്കന്റ്	03.08.2017 മുതൽ 13.12.2017 വരെ
		01.01.2018 മുതൽ 24.01.2018 വരെ
	ശ്രീ. സലിം എൻ. ഇ.	14.12.2017 മുതൽ 31.12.2017 വരെ
	ശ്രീ. ജോഷി എം. മണി	25.01.2018 മുതൽ 31.03.2018 വരെ
അസിസ്റ്റന്റ് എഞ്ചിനിയർ	ശ്രീ. സനി എം. നായർ	01.04.2017 മുതൽ 31.03.2018 വരെ
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	ശ്രീ. സുജിത്ത് കുമാർ	01.04.2017 മുതൽ 31.03.2018 വരെ

ഐ.സി.ഡി.എസ്. സൂപ്രവൈസർ	കുമാരി. ഐശ്വര്യ വി.	01.04.2017 മുതൽ 11.11.2017 വരെ
	ശ്രീമതി. ഷീനത്ത് കെ. പി.	12.11.2017 മുതൽ 31.03.2018 വരെ
കൃഷി ഓഫീസർ	ശ്രീ. കെ. മുരുകൻ	01.04.2017 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ	ഡോ. രാഹുൽ ബാബു സി.	01.04.2017 മുതൽ 31.03.2018 വരെ
വെറ്ററിനറി സർജൻ	ഡോ. റിനോ ജോസഫ്	01.04.2017 മുതൽ 04.10.2017 വരെ
	ഡോ. മുത്തുസ്വാമി	05.10.2017 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	ഡോ. ജയഭാസ്കർ	01.04.2017മുതൽ 20.02.2018വരെ
	ഡോ. രാജഹംസം	21.02.2018 മുതൽ 31.03.2018 വരെ

ഉള്ളടക്കം

ക്രമ നം.	ഖണ്ഡിക നം.	ഭാഗം 1 – പൊതുഅവലോകനം
1	1-1	ബജറ്റ്
2	1-2	വാർഷിക ധനകാര്യപത്രിക
3	1-3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം
4	1-4	സാമ്പത്തിക വിശകലനം

5	1-5	ഫണ്ട് വിനിയോഗം
6	1-6	പദ്ധതി അവലോകനം
7	1-7	തൊഴിലുറപ്പ് പദ്ധതി
8	1-8	ക്ഷേമ പദ്ധതികൾ
9	1-9	ക്യാഷ് വെരിഫിക്കേഷൻ
10	1-10	ആഭ്യന്തര നിയന്ത്രണം
11	1-11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം
12	1-12	വാർഷിക കണക്കിലെ അപാകതകൾ
		ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ
13	2-1	ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ഗാർഹിക നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു
14	2-2	വസ്തുനികുതി കണക്കുകളിൽ കൃത്യതയില്ല
15	2-3	സാംഖ്യ-സഞ്ചയ അവലോകനം
16	2-4	ബി.എസ്.എൻ.എൽ ടവറിന്റെ അസ്സസ്സ്മെന്റ് നടത്തിയിട്ടില്ല-ഗ്രാമ പഞ്ചായത്തിന് ഗണ്യമായ നഷ്ടം
17	2-5	ലൈബ്രറി സെസ് അടവാക്കാത്തത് സംബന്ധിച്ച്

18	2-6	നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നത് സംബന്ധിച്ച്
19	2-7	ബാങ്ക് അക്കൌണ്ടുകളിലെ പലിശ കൃത്യമായി ക്രെഡിറ്റ് ചെയ്യുന്നില്ല
		ഭാഗം 3 - ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ
20	3-1	ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരം
21	3-2	ഗ്രാമപഞ്ചായത്ത് എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും സേവനം പ്രയോജനപ്പെടുത്തിയിട്ടില്ല
22	3-3	നിർമ്മാണ പ്രവർത്തനങ്ങൾ ലക്ഷ്യത്തിൽനിന്ന് വ്യതിചലിക്കുന്നു
23	3-4	മൾട്ടി അമിനിറ്റീസ് ഹബ്ബ് പ്രവർത്തനം ആരംഭിച്ചില്ല
24	3-5	ഐ.എച്ച്.ഡി.പി.എസ്.സി. കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ വിവരം ലഭ്യമല്ല
25	3-6	സംയോജിത പദ്ധതികൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ വിവരമില്ല
26	3-7	ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നില്ല
27	3-8	എൽ.എസ്.ജി.ഡി. - അസിസ്റ്റന്റ് എഞ്ചനീയറുടെ ഓഫീസ് പ്രവർത്തിക്കുന്നില്ല
28	3-9	പാലിയേറ്റീവ് കെയർ പ്രോജക്ട് - മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുന്നില്ല
29	3-10	പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

30	3-11	ഭവന നിർമ്മാണ പദ്ധതി പൂർത്തിയാക്കിയില്ല
31	3-12	നിക്ഷേപ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല
32	3-13	ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല.
		ഭാഗം 4 - പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
33	4-1	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം
34	4-2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ
35	4-3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്
36	4-4	വായ്പ/വായ്പ തിരിച്ചടവ്
37	4-5	സ്ഥിര നിക്ഷേപങ്ങൾ
38	4-6	ഓഡിറ്റ് റിക്കവറി
39	4-7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം
40	4-8	ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം
41	4-9	ഓഡിറ്റ് പ്രത്യവലോകനം
42	4-10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

		അനുബന്ധങ്ങൾ
43	അനുബന്ധം 1	ഓഡിറ്റ് സാക്ഷ്യപത്രം

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 30.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 15.03.2018 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2018	10.05.2018	-	-

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2017-18	20.06.2018 - 21.06.2018	കെ.എസ്.എ.ഐ.ഡി.കെ.3/ 677/18(38), തീ.29.08.2018

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹54,85,649
വരവ്	₹5,11,15,731

ആകെ	₹5,66,01,380
ചെലവ്	₹4,89,26,923
നീക്കിയിരിപ്പ്	₹76,74,457

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി ₹	തൻവർഷ വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹	ചെലവ് ശതമാനം
വികസനഫണ്ട് – പൊതുവിഭാഗം	0	11532000	11532000	9237609	2294391	0
വികസനഫണ്ട് – എസ്.സി.പി.	0	1551052	1551052	986716	564336	0
വികസനഫണ്ട് – ടി.എസ്.പി.	0	4755068	4755068	4027008	728060	0
സംരക്ഷണഗ്രാന്റ് – റോഡ്	0	1005000	1005000	777162	227838	0
സംരക്ഷണഗ്രാന്റ് – നോൺറോഡ്	0	2595210	2595210	2448581	146679	0
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	0	5416603	5416603	3791095	1625508	0
കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)	0	20488372	20488372	15305280	5183092	0

സാക്ഷരത		0	0	0	0	0	0
ദുരിതാശ്വാസനിധി		0	0	0	0	0	0
എം.ജി.എൻ. ആർ.ഇ. ജി.എസ്	തൊഴിലാളികളുടെ കൂലി		27102390	27102390	27102390	0	0
	അഡ്മിനിസ്ട്രേറ്റീവ് ചെലവ്	881	1680927	1681808	1577612	104196	0
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്)		0	0	0	0	0	0
ഐ.സി.ഡി എ.സ്		200000	600934	800934	-	800934	0
പശ്ചിമഘട്ട വികസന പദ്ധതി		441264	20912	462176	12	462164	0
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ/ മറ്റ് ഫണ്ടുകൾ (ഇനം തിരിച്ച്)		3115400	0	3115400	0	3115400	0
ശുചിത്വ മിഷൻ		0	100750	100750	74100	26650	0
ജലനിധി		3657701	1857601	5515302	1103448	4411854	0
ലൈഫ് മിഷൻ		0	4141861	4141861	3000000	1141861	0
ജില്ലാപഞ്ചായത്ത്		1804762	0	1804762	0	1804762	0

ബി-ഫണ്ട്		0	6050800	6050800	6050800	0	0
ജനറൽ പർപ്പസ് ഗ്രാന്റ്		0	5294797	5294797	5294797	0	0
തനത് ഫണ്ട്	ബാങ്ക് അക്കൗണ്ട്	(-)4662385	3444548	(-)1217837	3237007	(-)4454844	0
	എസ്.ബി.ഐ	0	10000	10000	1239	8761	0
	ട്രഷറി അക്കൗണ്ട്	633719	5343100	5976819	6014893	(-) 38074	0
നിഷ്ക്രിയ അക്കൌണ്ടുകൾ 1) യൂണിയൻ ബാങ്ക്		1429	0	1429	0	1429	0
2) യൂണിയൻ ബാങ്ക് (1381)		1505	59	1564	0	1564	0
3) യൂണിയൻ ബാങ്ക് (21294 SGRY)		1423	69	1492	0	1492	0
4) എസ്.സി.ബി (02)		399	0	399	399	399	0
5) എസ്.സി.ബി (234)		107	0	107	107	107	0
6) ഐ.ഡി.സി.ബി (1206)		468	0	468	468	468	0
7) (x)ഐ.ഡി.സി.ബി		204176	252152	2716328	2516669	199659	0

(പ്ലാൻ)						
ക്യാഷ്	0	85705	85705	0	85705	0

(x) തനത് ഫണ്ടിൽ പ്രത്യേകോദ്ദേശ്യ ഫണ്ടുകൾക്കായി നിക്ഷേപിച്ച ₹60,88,643/- ശമ്പളത്തിനും അനുബന്ധ ചെലവുകൾക്കുമായി വിനിയോഗിച്ചു. ലൈഫ് മിഷന്റെ യഥാർത്ഥ വരവ് ₹4,14,861/- ആയിരിക്കേ RP-31ൽ ഇത് തെറ്റായി ₹11,41,861/- എന്ന് ചേർത്തിരിക്കുന്നു.

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
83	53497460	72	36573401	-	11	86.74

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണച്ചെലവ്	881	1680927	1681808	1577612	104196
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	-	27102390	27102390	27102390	-

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം

വിധവാ പെൻഷൻ	17,26,400	145
വാർദ്ധക്യകാല പെൻഷൻ	38,76,000	308
വികലാംഗ പെൻഷൻ	4,48,400	37

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2018 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹529/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 1-10ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൗണ്ടിംഗ് സിസ്റ്റം-അപാകതകളോടു കൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-12 കാണുക. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും രേഖാമൂലം കൈമാറ്റം ചെയ്യുന്നില്ല. നികുതികൾ യഥാസമയം പിരിച്ചെടുക്കുവാൻ ശ്രദ്ധിക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ നടത്തിയ പിരിവിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.

വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല.

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ്

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

13 വാർഡുകളിലും യഥാസമയം ഗ്രാമസഭകൾ യോഗം ചേർന്നിട്ടുണ്ട്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ ഒരു പ്രാവശ്യം സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള

ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	22.12.18, 24.12.18	10/2018	13.12.2018
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	04.11.2016 മുതൽ 08.11.2016 വരെ	2011-12 മുതൽ 2015-16 വരെ	29.11.2016

1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.	വസ്തു നികുതി-സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ AFS മായി പൊരുത്തപ്പെടുന്നില്ല.
2.	ആസ്തി രജിസ്റ്റർ കാലികമാക്കി ഗ്രാമപഞ്ചായത്ത് ആർജ്ജിച്ചിട്ടുള്ള ആസ്തികളുടെ പൂർണ്ണമായ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
3.	ലൈഫ് മിഷൻ യഥാർത്ഥ വരവ് ₹41,41,861/- ആയിരിക്കെ RP-31ൽ ഇത് ₹11,41,861/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
4.	മുൻവർഷങ്ങളിൽ ലഭിച്ച പ്രത്യേക ഉദ്ദേശ ഗ്രാന്റിൽ ചെലവാക്കുവാൻ അവശേഷിക്കുന്ന ₹49,20,132/- ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
5.	സ്ട്രീറ്റ് ലൈറ്റുകൾക്ക് പ്രത്യേക ലൈൻ വലിക്കൽ എന്ന പദ്ധതി പ്രകാരം ₹219980/- ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച ഡെപ്പോസിറ്റ് തുക ബാലൻസ് ഷീറ്റിൽ നിന്നും ജേണൽ ചെയ്ത് മാറ്റേണ്ടതാണ്.

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ഗാർഹിക നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗ ക്രമം വ്യത്യസ്തമാണെങ്കിലും വാസഗൃഹങ്ങളുടെ നിരക്കിലാണ് അവയുടെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്.

ക്രമ നം.	പേര്	വാർഡ്	കെട്ടിട നം.	ഉപയോഗം
1	എസ്. രഘു	7	164	സ്റ്റുഡിയോ
2	പി. പളനിവേൽ	6	80	പലചരക്ക് വ്യാപാരം
3	തങ്കരാജ്	7	33	പലചരക്ക് വ്യാപാരം
4	പി. കെ. രാമലിംഗം	2	24	പലചരക്ക് വ്യാപാരം
5	എം. പി. കെ. രാമനാഥൻ	9	103	പലചരക്ക് വ്യാപാരം
6	എ. അറുമുഖൻ	12	155	പലചരക്ക് വ്യാപാരം
7	പി. അറുമുഖം	12	233	പലചരക്ക് വ്യാപാരം
8	പരമശിവം	10	38	പലചരക്ക് വ്യാപാരം
9	വാസു	8	205	പലചരക്ക് വ്യാപാരം
10	കെ. എൻ. പ്രസാദ്	8	164	തടി വ്യാപാരം
11	ഗുരുസ്വാമി	12	129	പലചരക്ക് വ്യാപാരം

ഡി. ആന്റ്. ഒ. ട്രേഡ് ലൈസൻസ് അപേക്ഷകളിൽ സൂചിപ്പിച്ചിരുന്ന ചില കെട്ടിടങ്ങളുടെ നികുതി നിർണ്ണയം വസ്തുനികുതി ഡിമാന്റ്/നിർണ്ണയ രജിസ്റ്ററുകളെ ആസ്പദമാക്കി പരിശോധിച്ചപ്പോഴാണ് മേൽ അപാകത വ്യക്തമായത്. ലൈസൻസ് അപേക്ഷകളിൽ സൂചിപ്പിക്കുന്ന എല്ലാ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം പുന:പരിശോധന വിധേയമാക്കേണ്ടതും അപാകതകളുള്ളപക്ഷം (പട്ടികയിൽ പരാമർശിച്ചവയുൾപ്പെടെ) നികുതി പുനർ നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2-2 വസ്തു നികുതി കണക്കുകളിൽ കൃത്യതയില്ല

വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വസ്തു നികുതി സംബന്ധമായ കണക്കുകളിൽ ഗൗരവമായ അപാകതകൾ ദൃശ്യമാണ്. വിശദാംശങ്ങൾ ചുവടെ നല്കുന്നു.

ക്രമ നം.	ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I)**1** പ്രകാരം (ഡിമാന്റ്)	കളക്ഷൻ (RP43 പ്രകാരം)	ബാലൻസ് (ബി-15 ഷെഡ്യൂൾ പ്രകാരം)	യഥാർത്ഥ ബാലൻസ്
1	110100101	വസ്തു നികുതി-ഗാർഹികം	112969	88826	0	24143
2	110100103	വസ്തു നികുതി-ഗാർഹികേതരം	410821	370431	0	40390
3		വസ്തു നികുതി-(കുടിശ്ശിക)	318238 (2016-17 ധനകാര്യപത്രിക പ്രകാരം)	323034	0	(-)4796

വസ്തുനികുതി സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കുടിശികയുടെ യഥാർത്ഥ വിവരം കണക്കാക്കുവാൻ സാധിച്ചിട്ടില്ല. കണക്കുകളുടെ കൃത്യത ഉറപ്പാക്കി നികുതി നഷ്ടം ഒഴിവാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-3 സാംഖ്യ-സഞ്ചയ കണക്കുകളിൽ അവ്യക്തത

സാംഖ്യ/സഞ്ചയ സോഫ്റ്റ് വെയറുകൾ ക്രോഡീകരിച്ചിട്ടുള്ള തൻവർഷത്തെ വസ്തുനികുതി കണക്കുകൾ ചുവടെ ചേർക്കുന്നു.

	ഡിമാന്റ്	കളക്ഷൻ	യഥാർത്ഥ ബാലൻസ്	വാർഷിക ധനവിവര പത്രിക പ്രകാരം

	₹		₹		₹		₹	
	തൻവർഷം	കുടിശിക	തൻവർഷം	കുടിശിക	തൻവർഷം	കുടിശിക	തൻവർഷം	കുടിശിക
സാംഖ്യ	523790	318238	459257	323034	64533	4796	0	0
സഞ്ചയ	550713	343381	550713	343381	0	0		

ഗ്രാമപഞ്ചായത്തിലെ പ്രധാന നികുതി സ്രോതസായ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്നതിനും നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനും തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ് വെയറായ സഞ്ചയയിൽ പ്യൂരിഫിക്കേഷന് ശേഷം 2611 കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും 2609 കെട്ടിടങ്ങളുടെ ഡിമാന്റാണ് ജനറേറ്റ് ചെയ്തിട്ടുള്ളത്. 2013-14ന് മുമ്പുള്ള വർഷങ്ങളിലെ നികുതി കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കാത്തതിനാൽ സഞ്ചയയിൽ ജനറേറ്റ് ചെയ്തിരിക്കുന്ന കുടിശ്ശികയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. സഞ്ചയയിൽ ബേസ് ഡേറ്റ എൻട്രി പൂർത്തീകരിച്ച് ഡിമാന്റ് ജനറേറ്റ് ചെയ്തിട്ടുണ്ടെങ്കിലും മാപ്പിംഗ് പൂർത്തിയാക്കാതെയാണ് ഇന്റഗ്രേഷൻ നടത്തിയത്. ആയതിനാൽ സഞ്ചയയിലെയും സാംഖ്യയിലെയും തൻവർഷ-കുടിശ്ശിക ഡിമാന്റ്, ബാലൻസ് എന്നിവ തമ്മിൽ വ്യത്യാസം വന്നിട്ടുണ്ട്. സഞ്ചയയിൽ ഡേറ്റാ എൻട്രി പൂർത്തീകരിക്കാതെ സാംഖ്യ മുഖാന്തരം നികുതി പിരിച്ചെടുക്കുമ്പോൾ സാംഖ്യ ഡിമാന്റിൽ കുറവ് വരികയും സഞ്ചയയിൽ കുടിശ്ശിക വരികയും ചെയ്യുന്നു. സഞ്ചയ-സാംഖ്യ സംയോജനത്തിലെ പോരായ്മകൾ പരിഹരിച്ച് ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക കണക്കുകൾ കൃത്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2-4 ബി.എസ്.എൻ.എൽ ടവറിന്റെ വസ്തുനികുതി അസ്സസ്സ്മെന്റ് നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ഏക നെറ്റ് വർക്ക് സംരംഭകരായ ബി.എസ്.എൻ.എൽ -ന്റെ ടവറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ആകെ രണ്ട് ടവറുകളാണുള്ളത്. ഈ മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

വാർഡ്	കെട്ടിട നമ്പർ	വിസ്തീർണ്ണം ച.മീ	നിർണ്ണയിക്കേണ്ട നികുതി ച.മീറ്ററിന് ₹500/- നിരക്കിൽ
11 പഴത്തോട്ടം	214	29.16	14580

5 കോവിലൂർ	190	96.04	48020
		ആകെ	62600

നാളിതുവരെ നികുതി നിർണ്ണയം നടത്താത്തതിനാൽ ഗ്രാമപഞ്ചായത്തിന് ഗണ്യമായ തുക നഷ്ടമായിട്ടുണ്ട്. മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയം അടിയന്തിരമായി നടത്തി കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-5 ലൈബ്രറി സെസ് അടവാക്കാത്തത് സംബന്ധിച്ച്

കേരള ഗ്രന്ഥശാല സംഘം ആക്ട് സെക്ഷൻ 48 (3) പ്രകാരം തദ്ദേശ സ്ഥാപനം വസ്തു നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് പിരിച്ചെടുക്കുന്ന തിയതി മുതൽ മൂന്നു മാസത്തിനുള്ളിൽ ലൈബ്രറി കൗൺസിലിൽ ഒടുക്കേണ്ടതാണ് എന്നാൽ വട്ടവട ഗ്രാമപഞ്ചായത്ത് 2010-11നു ശേഷമുള്ള ലൈബ്രറി സെസ് ലൈബ്രറി കൗൺസിലിൽ ഒടുക്കിയിട്ടില്ല . ആയതിലേയ്ക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2-6 നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നത് സംബന്ധിച്ച്

വട്ടവട ഗ്രാമപഞ്ചായത്തിലെ 2017-18 വാർഷികകണക്കുകൾ പരിശോധിച്ചതിൽ പട്ടിക ബി-17 (ക്യാഷ് /ബാങ്ക്) നീക്കിയിരിപ്പ് പ്രകാരം വിവിധ ബാങ്കുകളുടെ ശാഖകളിലായി 6 അക്കൗണ്ടുകൾ പ്രവർത്തനരഹിതമായി കിടക്കുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ഇനം	31.03.2018ലെ ബാലൻസ് തുക ₹
1	യൂണിയൻ ബാങ്ക് (13257)	1429
2	യൂണിയൻ ബാങ്ക് (13187)	1564
3	യൂണിയൻ ബാങ്ക് (21294)	1492

4	എസ്.സി.ബി. (02)	399
5	എസ്.സി.ബി. (234)	107
6	ഐ.ഡി.സി.ബി. (206)	468

പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടും നാളിതുവരെ അക്കൌണ്ടുകൾ ക്ലോസ് ചെയ്യാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2-7 ബാങ്ക് അക്കൌണ്ടുകളിലെ പലിശ കൃത്യമായി ക്രെഡിറ്റ് ചെയ്യുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം 31.03.2018ൽ വിവിധ ബാങ്ക് അക്കൌണ്ടുകളിലായി ₹75,88,752/- ബാലൻസുണ്ട്. എന്നാൽ RP-9 പലിശയിനത്തിലുള്ള ആകെ വരവ് കേവലം ₹128/- മാത്രമാണ്. നിക്ഷേപ തുകയ്ക്ക് ആനുപാതികമായി പലിശ ക്രെഡിറ്റ് ചെയ്തിട്ടില്ലായെന്ന് പ്രസ്തുത കണക്കുകൾ വ്യക്തമാക്കുന്നു. ദൈനംദിന ചെലവുകൾക്കുപോലും സർക്കാർ ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കുന്ന ഗ്രാമപഞ്ചായത്ത് അധികൃതരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. ഗണ്യമായ തുക പലിശയിനത്തിൽ വരവ് വരാത്ത വിഷയം ശ്രദ്ധിക്കാതിരുന്നത് ഗൗരവമേറിയ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ബാങ്ക് അക്കൌണ്ടുകളിൽ പലിശ യഥാസമയം വരവ് വെയ്ക്കപ്പെടുന്നുവോയെന്ന് കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷികകണക്ക് പ്രകാരം തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച പൊതു അവശ്യ ഗ്രാന്റ് ₹18,57,000/-ആണ്. പ്രത്യേക വിടവ് നികത്തൽ ഫണ്ടായി ₹34,37,797/- 2017-18ൽ ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം തൊഴിൽ നികുതി, നവസ്സനികുതി, വാടക, ലൈസൻസ് ഫീ എന്നീയിനങ്ങളിൽ നിന്നും തൻവർഷം ലഭിച്ച വരവ് ₹12,84,871/-ആണ്. (RP-43പ്രകാരം) RP-1-4,5 പ്രകാരമുള്ള വരവ് ₹5,94,110/-ആണ്. തൻവർഷത്തെ ആകെ തനത് വരവ് ₹18,78,981/-ആണ്. ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം, അംഗങ്ങളുടെ ഹോണറേറിയം, കരാർ ജീവനക്കാരുടെ വേതനം എന്നീയിനങ്ങളിലുള്ള എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ ₹6183089/-യും, ഭരണനിർവ്വഹണ ചെലവ്

₹4,12,566/-യും, ഓപ്പറേഷൻസ്& മെയിന്റനൻസ് ചെലവ് ₹1403121/-യുമാണ്. ഈയിനങ്ങളിലുള്ള ആകെ ചെലവ് ₹79,98,776/-ആണ്. ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്ന ജനറൽ പർപ്പസ് ഗ്രാന്റും, തനത് വരവും (18,57,000+3437797+18,78,981) ഉൾപ്പടെ തൻവർഷത്തെ ആകെ വരവ് ₹71,73,778/-ആണ്. വരവ്-ചെലവുകൾ തമ്മിലുള്ള അന്തരം ₹8,24,998/-ആണ്. ഗ്രാമപഞ്ചായത്തിൽ അവശ്യം ചെലവുകൾ നടത്തുന്നതിനായി മറ്റ് വകുപ്പുകളിൽ നിന്നും, ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന തുക വകമാറ്റി ചെലവഴിച്ചാണ് ഗ്രാമപഞ്ചായത്ത് മുമ്പോട്ട് പോകുന്നത്. ഈ സ്ഥിതി ഒട്ടും ആശാസ്യമല്ല. മറ്റ് വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ലഭിച്ച തുക ഗ്രാമപഞ്ചായത്ത് വകമാറ്റിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ലഭിച്ച തുക ₹	തീയതി	ആവശ്യം	തുക നൽകിയ വകുപ്പ്/ ഏജൻസി
1	4,40,000	24.10.2009	റ്റി.എസ്.പി. വ്യക്തിഗത കക്കൂസ് നിർമ്മാണം	പ്രോജക്ട് ഡയറക്ടർ, പി.എ.യു., ഇടുക്കി
2	5,00,000	22.1.2010	വികലാംഗർക്ക് സ്വയം തൊഴിൽ യൂണിറ്റ്	സെക്രട്ടറി, ജില്ലാപഞ്ചായത്ത്, ഇടുക്കി
3	11,25,000	18.3.2010	മന്ത്രി വയൽ വാട്ടർഷെഡ് പദ്ധതി	ജില്ലാകളക്ടർ ഇടുക്കി
4	4,40,000	13.8.2010	റ്റി.എസ്.പി. വ്യക്തിഗത സാനിറ്ററി കക്കൂസ് നിർമ്മാണം	പ്രോജക്ട് ഡയറക്ടർ, പി.എ.യു., ഇടുക്കി
5	4,00,000	4.9.2010	കാർത്തികേയൻപടി - വത്സപ്പെട്ടിക്കുടി നടപ്പാത കോൺക്രീറ്റിംഗ്	ജില്ലാപഞ്ചായത്ത് ഇടുക്കി
6	5,00,000	18.9.2010	വത്സപ്പെട്ടിക്കുടി കുടിവെള്ളപദ്ധതി	ജില്ലാപഞ്ചായത്ത് ഇടുക്കി
7	4,00,000	16.4.2011	റ്റി.എസ്.പി.വ്യക്തിഗത സാനിറ്ററി കക്കൂസ് നിർമ്മാണം	പ്രോജക്ട് ഡയറക്ടർ , പി.എ.യു., ഇടുക്കി
8	4,04,762	25.3.2012	വട്ടവട കൊട്ടാക്കൊമ്പൂർ റോഡ്	ജില്ലാപഞ്ചായത്ത് ഇടുക്കി

9	5,80,400	17.7.2013	ഖരമാലിന്യ സംസ്കരണം	ശുചിത്വമിഷൻ, ഇടുക്കി
10	1,30,000	4.10.2013	മഴക്കാല പൂർവ്വ ശുചീകരണം	ശുചിത്വമിഷൻ, ഇടുക്കി
ആകെ	49,20,162			

₹49,20,162/- ഗ്രാമപഞ്ചായത്ത് വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ആവശ്യത്തിനായി ഗ്രാമപഞ്ചായത്തിന് വിവിധ ഏജൻസികൾ/വകുപ്പുകൾ നൽകിയ തുക ആ ആവശ്യത്തിനായി വിനിയോഗിച്ചില്ലെങ്കിൽ തിരികെ അടയ്ക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ ടി തുകകൾ തിരിച്ചടയ്ക്കാനാവുന്നില്ല. ₹49,20,132/- ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയാണ്. ഇതുകൂടാതെ വസ്തുനികുതിയ്ക്കൊപ്പം പിരിച്ചെടുക്കുന്ന ഗ്രന്ഥശാല വരിസംഖ്യ 2011 മുതൽ ഗ്രന്ഥശാല സംഘത്തിന് നൽകുന്നില്ല. വാർഷികകണക്ക് പ്രകാരം ഈയിനത്തിലുള്ള ബാദ്ധ്യത ₹1,06,686/-യാണ്. ജീവനക്കാരുടെ പെൻഷൻ അംശദാനവും 2011-12 മുതൽ അടവാക്കുന്നില്ല. പെൻഷൻ കോൺട്രീബ്യൂഷനിനത്തിൽ ₹6,26,871/- അടവാക്കാനുണ്ട്. ഇപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യത പ്രതിവർഷം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഈ രീതിയിൽ ഗ്രാമപഞ്ചായത്തിന് മുൻപോട്ട് പോകാൻ ബുദ്ധിമുട്ടാണ്. ആയതിനാൽ ഗ്രാമ പഞ്ചായത്ത് സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിക്കാതെ മറ്റ് വരുമാനമാർഗ്ഗങ്ങൾ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. വട്ടവട ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതമുപയോഗിച്ച് നിർമ്മിച്ചിട്ടുള്ള മൾട്ടി അമിനിറ്റീസ് ഹബ്ബിലെ സ്ഥലം നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് വിനിയോഗിച്ചതിനു ശേഷം ബാക്കി സ്ഥലം മറ്റ് ആവശ്യങ്ങൾക്കായിട്ട് കരാർ വ്യവസ്ഥ പ്രകാരം പാട്ടത്തിന് നൽകി വരുമാനം ഉണ്ടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റ പ്രത്യേക സാഹചര്യങ്ങൾ എന്താണെന്ന് സർക്കാരിനെയും, അധികാരികളെയും ബോദ്ധ്യപ്പെടുത്തി പഞ്ചായത്തിന് ആവശ്യമായ ഫണ്ട് കണ്ടെത്താൻ ജനറൽ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

3-2 ഗ്രാമപഞ്ചായത്ത് എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും സേവനം പ്രയോജനപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ഗവ.എൽ.പി.സ്കൂൾ ഹെഡ്മാസ്റ്ററുടെ സേവനം പ്രോജക്ട് നിർവ്വഹണത്തിൽ പ്രയോജനപ്പെടുത്തിയിട്ടില്ല. വട്ടവട ഗവ.എൽ.പി.സ്കൂൾ സ്മാർട്ട് ക്ലാസ്സ് മുറി എന്ന പ്രോജക്ടിന്റെ നിർവ്വഹണം സെക്രട്ടറിയാണ് നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും സേവനം പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3-3 നിർമ്മാണ പ്രവർത്തനങ്ങൾ ലക്ഷ്യത്തിൽനിന്ന് വ്യതിചലിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനവും പദ്ധതി വിഹിതവും വളരെ പരിമിതമാണ്. സർക്കാർ നിർദേശപ്രകാരം വിവിധ മേഖലകൾക്ക് നിശ്ചിതശതമാനം തുക വകയിരുത്തേണ്ടി വരുന്നതിനാൽ പദ്ധതി അംഗീകാരം ലഭിക്കുന്നതിനുവേണ്ടി മാത്രം പ്രോജക്ടുകൾ ആവിഷ്കരിക്കുകയും സൃഷ്ടിക്കപ്പെടുന്ന ആവശ്യങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്യുന്ന പ്രവണത കാണുന്നു.

രണ്ട് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം, പേര്	അടങ്കൽ	ബിൽനം/തുക ₹
0013/18 കോവിലൂർ വനിതാ വിപണനകേന്ദ്രം - അടിസ്ഥാന സൗകര്യ വികസനം	₹10,00,000/-	₹12,00,000/-
53/17-18 അഗ്രോസെന്റർ നിർമ്മാണം	9/29/8/17, ₹9,90,000/-	38/31/3/18, ₹10,45,780/-

മേൽ പ്രതിപാദിച്ചിട്ടുള്ള രണ്ട് പ്രവൃത്തികൾക്കും ഉല്പാദനമേഖലയിൽ ഉൾപ്പെടുത്തിയാണ് തുക വകയിരുത്തിയത്. കോവിലൂർ വനിതാ വിപണനകേന്ദ്രം – അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച കെട്ടിടം പഞ്ചായത്ത് ഓഫീസിന്റെ ഒന്നാം നിലയാണ്. ഇത് പഞ്ചായത്ത് ഓഫീസിന്റെ ഭാഗം തന്നെയാണ്. അഗ്രോസെന്റർ നിർമ്മാണം എന്ന പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച കെട്ടിടം പഞ്ചായത്ത് ഓഫീസിന്റെ രണ്ടാം നിലയാണ്. ഈ ഭാഗമാണ് അഭിമന്യു മഹാരാജാസ് ലൈബ്രറിയായി പ്രവർത്തനം ആരംഭിക്കാൻ നിശ്ചയിച്ചിട്ടുള്ളത്. മേഖലാ പരിധികളുടെ അപ്രായോഗികത മറികടക്കാൻ നടത്തുന്ന ഇത്തരം വകയിരുത്തലുകൾ പദ്ധതി ആസൂത്രണ ലക്ഷ്യം തന്നെ തമസ്കരിക്കുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകമായ സാമൂഹ്യ, സാമ്പത്തിക, പാരിസ്ഥിതികാവസ്ഥകൾ സർക്കാർ ശ്രദ്ധയിൽപ്പെടുത്തി മാർഗ്ഗരേഖയിൽ ഇളവ് നേടാൻ നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ സജീവ ശ്രദ്ധയിൽപ്പെടുത്തുന്നു.

3-4 മൾട്ടി അമിനിറ്റീസ് ഹബ്ബ് പ്രവർത്തനം ആരംഭിച്ചില്ല

ലോകബാങ്ക് ധനസഹായത്തോടെ രണ്ട് കോടി രൂപ അടങ്കൽ തുകയിൽ ആരംഭിച്ച പ്രവൃത്തിയാണ് മൾട്ടി അമിനിറ്റീസ് ഹബ്ബ് നിർമ്മാണം. 2017-18-ൽ പ്രവർത്തിക്കായി ₹1,48,37,414/- ചെലവഴിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. നിലവിൽ ഈ കെട്ടിടത്തിൽ ഒരു ആയുർവ്വേദ ഒ. പി. വിഭാഗം മാത്രമാണ്

പ്രവർത്തിക്കുന്നത്. 536M2 വിസ്തീർണ്ണമുള്ള ഈ കെട്ടിട സമുച്ചയത്തിന്റെ സിംഹഭാഗവും ഉപയോഗ രഹിതമായി അവശേഷിക്കുന്നു. വൻ തുക ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം എത്രയും വേഗം ഉപയോഗപ്രദമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-5 ഐ.എച്ച്.ഡി.പി.എസ്.സി. കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ വിവരം ലഭ്യമല്ല

പ്രോജക്ട് നം.	:	SOO93/18
വകയിരുത്തൽ		
വികസനഫണ്ട് (എസ്.സി.പി)	:	₹2,65,600
വികസനഫണ്ട്(പൊതുവിഭാഗം)	:	₹70,000
ആകെ	:	₹3,35,600
ചെലവ് വിവരം	:	
ബിൽ നം.36/17-18 തുക -₹2,59,280/- തീ.19.3.18		
ബിൽ നം.35/17-18 തുക -₹70,000/-തീ19.3.18		
ഇൻവോയിസ് നം.524 തീ.19.3.18		

കേരള അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും സോളാർ സ്ട്രീറ്റ് ലൈറ്റ് 12 W ന്റെ 6 എണ്ണം വാങ്ങിയത് സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും ആയത് സ്ഥാപിച്ചതിന്റെ വിവരം ലഭ്യമല്ല. ആയതിനാൽ ₹3,29,280/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-6 സംയോജിത പദ്ധതികൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ വിവരമില്ല

ദേവികുളം ബ്ലോക്ക്പഞ്ചായത്ത് ലീഡ് പാർട്ട്ണറായി നടപ്പാക്കേണ്ട സംയുക്ത പ്രോജക്ടുകൾക്ക് ഗ്രാമപ്പഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി തുക കൈമാറിയിട്ടുണ്ടെങ്കിലും അവയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം./പേര്	കൈമാറിയ തുക	ബിൽ നം./തീയതി
1	പി.എം.എ.വൈ (എസ്.സി.പി)S0022/18	₹20,000	16/17-18 തീ.13.11.17
2	പി.എം.എ.വൈ(ടി.എസ്.പി))S0023/18	₹97,500	17/17-18 തീ.13.11.17
	ആകെ	₹1,17,500	

പ്രോജക്ടുകൾ പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവഴിച്ച തുക ₹1,17,500/- തടസ്സപ്പെടുത്തുന്നു.

3-7 ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നില്ല

വട്ടവട ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ 2011-12 മുതലുള്ള വർഷങ്ങളിലെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. തനത് ഫണ്ട് നാമമാത്രമായതിനാലും പൊതു ഉദ്ദേശ്യ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിന്റെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കേണ്ടതിനാലുമാണ് പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുവാൻ സാധിക്കാത്തത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചത്. പ്രസ്തുത വിഷയത്തിൽ ഉചിത നടപടി സ്വീകരിക്കേണ്ടതാണ്.

3-8 എൽ.എസ്.ജി.ഡി. - അസിസ്റ്റന്റ് എഞ്ചനീയറുടെ ഓഫീസ് പ്രവർത്തിക്കുവാൻ അടിസ്ഥാന സൌകര്യങ്ങളില്ല

വട്ടവട ഗ്രാമപഞ്ചായത്തിൽ 2017-18ൽ ₹5,34,97,460/- മൊത്തം അടങ്കലിലായി 37 മരാമത്ത് പ്രവൃത്തികൾക്കാണ് അംഗീകാരം ലഭിച്ചത്. അഞ്ചുകോടിയിൽപ്പരം രൂപയുടെ മരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്തേണ്ടുന്ന ഈ പഞ്ചായത്തിന് സ്വന്തമായി അസിസ്റ്റന്റ് എഞ്ചനീയറും ഓവർസീയറും ഇല്ല.

മറ്റൊരു പഞ്ചായത്തിന്റെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയറും ഓവർസീയറുമാണ് ഇവിടുത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. ഇവർക്ക് വട്ടവട പഞ്ചായത്തിൽ ഓഫീസ് സൗകര്യമോ ഫയലുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യമോ നല്കിയിട്ടില്ല. തന്മൂലം ഇവിടുത്തെ നിർമ്മാണ ഫയലുകളെല്ലാം ദേവികുളം ഗ്രാമപഞ്ചായത്തിലാണ് സൂക്ഷിക്കുന്നത്. കോടിക്കണക്കിന് രൂപയുടെ രേഖകളും ഫയലുകളും മറ്റൊരു പഞ്ചായത്തിൽ സൂക്ഷിക്കുന്നത് അഭിലഷണീയമല്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് സുഗമമായി പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ക്രമീകരിക്കേണ്ടതാണ്.

3-9 പാലിയേറ്റീവ് കെയർ പ്രോജക്ട് - മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുന്നില്ല

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ് (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23.08.2012-ലെ ജി.ഒ.(എം.എസ്)228/2012 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 2.3 കാണുക). ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സെക്രട്ടറിയും ഭരണ സമിതിയംഗങ്ങൾ, സി.ഡി.എസ് ഭരണ സമിതിയംഗങ്ങൾ, ഇതര വിഭാഗം മെഡിക്കൽ ഓഫീസർമാർ തുടങ്ങിയവർ അംഗങ്ങളുമായ പ്രസ്തുത കമ്മിറ്റി 3 മാസത്തിലൊരിയ്ക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത കമ്മിറ്റി നിർജ്ജീവമാണെന്ന് രേഖകൾ വെളിവാക്കുന്നു. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

3-10 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്കു കൈമാറുന്നതിലും അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് തീർപ്പു കല്പിക്കുന്നതിലും കാലതാമസം ഉണ്ടായിട്ടുണ്ട്. ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിന്റെ സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ടു മാസം വരെയായിരിക്കെ 8/18 മുതൽ ലഭിച്ച അപേക്ഷകളിൽ നാളിതുവരെ തീരുമാനമെടുത്തിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷം റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ

അപേക്ഷകൾ തീർപ്പാക്കിയതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തലുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. അടിയന്തിരമായി ഈ വിഷയത്തിൽ ഇടപെടേണ്ടതും ഉചിതമായ പരിഹാരനടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

3-11 ഭവന നിർമ്മാണ പദ്ധതി പൂർത്തിയാക്കിയില്ല

വി.ഇ.ഒ നിർവ്വണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിയിൽ മുൻകൂർ നല്കിയെങ്കിലും പദ്ധതി പൂർത്തിയാക്കിയില്ല എന്ന് കാണുന്നു.

ഇ.എം.എസ് ഭവന നിർമ്മാണം

ഗ്രാമപഞ്ചായത്തിൽ 2010-11 സാമ്പത്തിക വർഷം ആരംഭിച്ച ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയിലെ പണി പൂർത്തീകരിക്കാതിരുന്ന 37 ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചെങ്കിലും നാളിതുവരെ പണി പൂർത്തികരിച്ചിട്ടില്ല.

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3-12 നിക്ഷേപ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷം സ്ട്രീറ്റ് ലൈൻ വലിക്കൽ എന്ന പ്രവൃത്തിക്കായി കെ.എസ്.ഇ.ബി മറയൂർ സെക്ഷനിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./പേര്	അടങ്കൽ	നിക്ഷേപിച്ച തുക ₹	ബിൽ നം.തീയതി
S0005/18സ്ട്രീറ്റ് ലൈറ്റുകൾക്ക് പ്രത്യേക ലൈൻ വലിയ്ക്കൽ	വികസന ഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്)- ₹150.000 വികസനഫണ്ട്	വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) – ₹1,49,980/- വികസനഫണ്ട്	27/17-18 തീ.14.02.2018 28/17-18 തീ.14.02.2018

	(ലോക ബാങ്ക്) – ₹70,000/-	(ലോകബാങ്ക്) – ₹70,000/-	
ആകെ	₹2,20,000/-	₹2,19,980/-	

വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-13 ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല.

13.01.2010ലെ സർക്കുലർ നമ്പർ 58608/ഡി.ബി2/2009/ത.സ്വ.ഭവ പ്രകാരം ആസ്തിരജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യപത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ്നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചില്ല എന്ന് വ്യക്തമാണ്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

– ഇല്ല –

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക ₹	ചെലവഴിച്ച തുക ₹	ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹
കെ.എസ്. ഇ.ബി	സ്ട്രീറ്റ് ലൈറ്റുകൾക്ക് പ്രത്യേക ലൈൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി തുക നൽകൽ	Utr U00000352750150	219980	ചെലവ് വിവരം ലഭ്യമല്ല	219980

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല –

4-4 വായ്പ/വായ്പ തിരിച്ചടവ്

– ഇല്ല –

4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹3,969/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ഖണ്ഡിക	ഈടാക്കിയ തുക ₹	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ തീയതി
2003-04	2-2(ബി)	3969	ശ്രീ. കെ. വർഗ്ഗീസ് സെക്രട്ടറി	11701100864/ 30.11.2017

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1996-97	2-19, 3-28, 3-29, 3-30, 3-31, 3-32, 3-34, 3-35, 3-37, 3-38, 3-39, 3-40	2000-01	4-39	വ്യാപകമായ തോതിൽ പണാപഹരണം	ലഭ്യമല്ല
1997-98	3-26	2000-01	4-40	വ്യാജരേഖ ചമച്ച് പണാപഹരണം	ലഭ്യമല്ല
1997-98	3-31	2000-01	4-40 ബി	കിടാരി വിതരണം പദ്ധതിയിൽ ക്രമക്കേട്	ലഭ്യമല്ല
1998-99	20ബി	2002-03	VII 6-12	ചെക്ക് ലീഫ് മോഷ്ടിച്ച് ധനാപഹരണം	ലഭ്യമല്ല
2000-01	20ബി, 26,27	2003-04	VII 6-12	പഞ്ചായത്ത് ഫണ്ടിൽ നിന്നും പണാപഹരണം	ലഭ്യമല്ല
2001-02	2-15	2005-06	31-1	റോഡ് നിർമ്മാണം – വ്യാജരേഖ ചമച്ച് തുക പിൻവലിച്ചു	ലഭ്യമല്ല
2014-15	2-3	2016-17	അനുബന്ധം 3	വസ്തുനികുതി അപാകതകൾ	ലഭ്യമല്ല

2015-16	2-2	2016-17	അനുബന്ധം 4	വസ്തുനികുതി അപാകതകൾ	ലഭ്യമല്ല
2015-16	2-3	2016-17	അനുബന്ധം 5	തൊഴിൽനികുതി അപാകതകൾ	ലഭ്യമല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

- ഇല്ല -

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹5,11,15,731
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹4,89,26,923
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹6,66,760

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക ₹		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
ഇല്ല			

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-5	329280	ശ്രീ. ആർ. നന്ദകുമാർ, സെക്രട്ടറി
3-6	117500	ശ്രീ. ആർ. നന്ദകുമാർ, സെക്രട്ടറി
3-12	219980	ശ്രീ. ആർ. നന്ദകുമാർ, സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ആർ. നന്ദകുമാർ, സെക്രട്ടറി	സെക്രട്ടറി, വട്ടവട ഗ്രാമപഞ്ചായത്ത്	പുത്തൻവിള വീട്, വെട്ടിയറ പി.ഒ, നാവായിക്കുളം തിരുവനന്തപുരം

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1964-1965 1977-1978	എൽ.എഫ്.ഐ5/297/ 82/08.07.82		

1978-1979 1979-1980	എൽ.എഫ്.ഐ-5/429/81/ 08.08.82		
1980-1981	എൽ.എഫ്.ഐ-5/645/82/ 20.09.82		
1981-1982	എൽ.എഫ്.ഐ-6/937/84/ 03.01.85		
1982-1983 1983-1984	എൽ.എഫ്.ഐ7/316/ 86/12.01.86		
1984-1985	എൽ.എഫ്.ഐ-7/1069/ 88/28.01.89		
1985-1986	എൽ.എഫ്.ഐ-7/1070/ 88/28.01.89		
1986-1987	എൽ.എഫ്.ഐ-7/229/ 90/11.04.90		
1987-1988	എൽ.എഫ്.ഐ-7/359/ 91/11.07.91		
1988-1989 1991-1992	എൽ.എഫ്.ഐ-6/616/ 93/24.03.91		
1992-1993	എൽ.എഫ്.ഐ-7/364/ 95/07.09.95		
1996-1997	എൽ.എഫ്.ഐ-9/683/ 2000/02.01.2001	15	19, 20, 24, 25, 28, 29, 30, 33, 34, 36-40, 42
1997-1998	എൽ.എഫ്.ഐ-9/684/	9	12, 13, 21,

	2000/02.01.2001		26-31
1998-1999	എൽ.എഫ്.ഐ-9/264/ 2002/10.06.2002	12	13, 14, 20എ, ബി, 24, 25, 27, 28, 33, 38, 41, 42
1999-2000	എൽ.എഫ്.ഐ-9/403/ 2002/24.08.2002	8	13, 14, 22-27
2000-2001	എൽ.എഫ്.ഐ-9/199/ 2003/10.03.2003	12	13, 14, 23-32
2001-2002	എൽ.എഫ്.ഐ-9/342/ 2005/05.11.2005	7	29-9, 2-10, 2-12, 2-14, 2-16 to 2-18
2002-2003	എൽ.എഫ്.ഐ-9/343/ 2005/05.11.2005	6	2-6, 2-9, 2-10, 2-11, 2-12, 3-1
2003-2004	എൽ.എഫ്.ഐ-9/75/ 2007/07.03.2007	6	2-2, 2-3 - 2-7
2004-2005	എൽ.എഫ്.ഐ-9/206/ 2007/07.03.2007	8	2-1, 2-2, 2-3, 3-1 to 3-5
2005-2006	എൽ.എഫ്.ഐ-9/946/ 2007/27.05.2008	5	2-1, 2-2, 2-4, 2-6, 3-7
2006-2007	എൽ.എഫ്.ഐ-9/213/ 2009/08.09.2009	6	2-1, 2-2, 2-3, 2-5, 3-1, 3-2
2007-2008	എൽ.എഫ്.ഐ-14/78/ 12/25.03.12	9	2-2, 3-1 മുതൽ 3-8 വരെ

2008-2009	എൽ.എഫ്.ഐ-14/1001/ 14/24.01.15	11	2-2, 3-2, 3-3, 3-5 മുതൽ 3-12 വരെ
2009-2010	എൽ.എഫ്.ഐ-14/1233/ 2011/27.12.12	15	2-1, 2-3, 3-1, 3-3 മുതൽ 3-13
2010-2011	എൽ.എഫ്.ഐ-14/905/ 14/08.02.15	21	2-1, 2-4 3-1 മുതൽ 3-16 വരെ 2-18
2011-2012	എൽ.എഫ്.ഐ-14/905/ 14/08.02.15	21	2-1, 2-4 3-1 മുതൽ 3-16 2-18
2012-2013	എൽ.എഫ്.ഐ-14/1439/ 15/31.12.15	9	3-1 മുതൽ 3-9 വരെ
2013-2014	എൽ.എഫ്.ഐ-14/1439/ 15/31.12.15	9	3-1 മുതൽ 3-9 വരെ
2014-2015	എൽ.എഫ്.ഐ-14/157/ 17/13.02.17	6	2-1 മുതൽ 2-3 വരെ 3-1 മുതൽ 3-3 വരെ
2015-2016	കെ.എസ്.എ.ഐ.ഡി.കെ-6/508/17 /19.04.17	7	2-1,2-3 2-1 മുതൽ 2-3 വരെ 3-1 മുതൽ 3-4 വരെ

2016-2017	കെ.എസ്.എ.ഐ.ഡി.കെ-6/289/18/12.03.18	14	2-1 മുതൽ 2-3 വരെ 3-1 മുതൽ 3-10 വരെ 3-12

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

അനുബന്ധം - 1

ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-6/1404/18

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
ഇടുക്കി ജില്ല
Phone : 04862 227332
E-mail : doidk.ksad@kerala.gov.in
തീയതി. 06.02.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി